(ന) & (ര) ടി സ്വീപ്പർക്ക് ക ക ക നു മുതൽ ഒ കു.യിൽ നിന്ന് ശമ്പളം വ കു. ആക്കി കൂട്ടിട്ടുണ്ട്.

(ഒ) & (ന) ഇപ്പോൾ ഉള്ള ജോലിതന്നെ ധാരാളം ഉണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യമായതിനാൽ ശമ്പളം കൂട്ടിക്കൊടുത്തതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ചിറക്കൽ പാലം മുതൽ പഴവിൽ ഇൻഡസ്ട്രിയൽ സ്കൂൾ വരെയുള്ള റോഡു് അടിച്ചു വെടിപ്പാക്കുന്നതിനു മാത്രമാണൊ ശമ്പളം കൂട്ടിക്കൊടുത്തിട്ടുള്ളതു്?

ഡാക്ടർ എ. ആർ. മേനോൻ : ശമ്പളം കൂട്ടികൊടുക്കണമെന്നു ബഹുമാനപ്പെട്ട മെമ്പർതന്നെ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തൃശ്ശിവപേരൂർ—തൃപ്രയാർ റോഡിന്റെ അരികിൽ പൊതുജനങ്ങൾക്കു ഗതാഗതത്തിനു തടസ്ഥമുണ്ടാകത്തക്കവിധത്തിൽ കിടക്കുന്ന മുളയും മരങ്ങളും മറ്റും വെട്ടിമാറ്റുന്നതിനാണു് ശമ്പളം കൂട്ടിക്കൊടുക്കണമെന്നു ഞാൻ പറഞ്ഞിട്ടുള്ളതു്.

ഡാക്ടർ എ. ആർ. മേനോൻ : രണ്ടുമൂന്നു പ്രാവശ്യം ശമ്പളം കൂട്ടിക്കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതായിട്ടാണു് എന്റെ പക്കലുള്ള റിക്കാർഡുകൊണ്ടു കാണുന്നതു്. എന്തെല്ലാം പണിയാണു് അവിടെ നടത്തുന്നതു് എന്നു എനിക്കു വിവരമായി ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, ഈ പഞ്ചായത്തിൽ, ആദ്യം അഞ്ചു രൂപാക്കു തിപായിയെ വച്ചിട്ടുള്ളതു് തൃപ്രയാർ റോഡിൽ ചിറക്കൽ പാലം മുതലുള്ള റോഡു അടിക്കുന്നതിനാണു്. വഴിയരികിൽ ഗതാഗതത്തിനു തടസ്ഥമായി കിടക്കുന്ന ഇല്ലിക്കൊലുകളും മരക്കൊമ്പുകളും മറ്റും മുറിച്ചു കളയുന്നതിനാണു് ശമ്പളം കൂട്ടിക്കൊടുക്കണമെന്നു പറഞ്ഞിട്ടുള്ളതു്. എന്നാൽ ആ ജോലി ഇപ്പോൾ ചെയ്യുന്നില്ല, ശമ്പളം കൂട്ടിക്കൊടുക്കുന്നുമുണ്ടു്.

ഡാക്ടർ എ. ആർ. മേനോൻ : ഈ ജോലി ശരിക്കു ചെയ്യുന്നുണ്ടൊ എന്നു നോക്കാനുള്ള ചുമതല പഞ്ചായത്തുപ്രസിഡണ്ടിനാണു്. അതു ശരിക്കു ചെയ്യുന്നുണ്ടൊ എന്നു ഒരു ചോദ്യം അയച്ചാൽ അതു പഞ്ചായത്തുപ്രസിഡണ്ടിനോടു് അന്വേഷിച്ചു പറയാം.

SWEEPERS IN THANNIAM PANCHAYAT—PARTICULARS OF DUTY.

362. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ :—

(ക) താന്ന്യം പഞ്ചായത്തിൽ ഇപ്പോൾ എത്ര സ്വീപ്പർമാരുണ്ടു്;

(ഖ) അവർ ഓരോരുത്തരേയും എന്നാണു് നിയമിച്ചതെന്നും, ഓരോരുത്തർക്കും എത്ര ശമ്പളം വീതം കൊടുക്കുന്നുണ്ടെന്നും പറയാമൊ;

(ഗ) എന്തെല്ലാം വഴികൾ അടിക്കുന്നതിനാണു് ഓരോ സ്വീപ്പറേയും നിയമിച്ചിരിക്കുന്നതു്;

(ഘ) പഞ്ചായത്തുവഴി അടിച്ചു വെടിപ്പുവരുത്തുന്ന ജോലിക്കു പുറമെ മറ്റുവല്ല ജോലിയുംകൂടി ഈ സ്വീപ്പർമാർ ചെയ്യേണ്ടതുണ്ടൊ; ഉണ്ടെങ്കിൽ എന്തെല്ലാം; അതിനു വല്ല പ്രത്യേക അലവൻസൊ മറ്റൊ കൊടുക്കുന്നുണ്ടൊ;

(ങ) എല്ലാജാതിമതസ്ഥർക്കും പ്രവേശനമില്ലാത്ത സ്ഥലങ്ങൾ അടിച്ചുവാരിവെടിപ്പാക്കുന്നതിനു ഇവരിൽ ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടൊ;

LIBRARY ARCHIVES Kerala Legislative Assembly

(ന) ഉണ്ടെങ്കിൽ അതിനെ പ്രതിഷേധിച്ചു പഞ്ചായത്തിൽ നിന്നും വല്ല കത്തിടപാടുകളൊ മറ്റൊ ഉണ്ടായിട്ടുണ്ടൊ ; ഉണ്ടെങ്കിൽ ആ കാര്യത്തിൽ ഗവമ്മെണ്ടു് എന്തു നടപടിയാണു് നടത്തിട്ടുള്ളതു് ?

ഡാക്ടർ എ. ആർ. മേനോൻ :

(ഛ) രണ്ടു്.

(ഫ) ഒരാളെ ഫാൻസു-ലും മറ്റാളെ ഫ്രാഞ്ച-ലും നിയമിച്ചു. മാസം നൂറു. വീതം രൂപാ കൊടുക്കുന്നുണ്ടു്.

(ന) ഫാൻസു-ൽ നിയമിക്കപ്പെട്ടാൾ എരക്കുളം കടവും പെരിങ്ങോട്ടുകര വെള്ളിയാട്ടു ചന്തറോഡും, മറ്റെയാൾ തൃപ്രയാർ ദേവസ്വം കച്ചേരി മുതൽ അമ്പലക്കടവുവരെയുള്ള റോഡും പെരിങ്ങോട്ടുകര മുനംകൂടിയ വഴിയും അടിച്ചുവാരുന്നുണ്ടു്.

(ര) ഉണ്ടു്. പഞ്ചായത്തിൽ നിന്നും വേണ്ട എഴുത്തുകളും അതാതു ആളുകൾക്കു കൊണ്ടുപോയി കൊടുക്കുകയും, അപ്പോൾ വാങ്ങിക്കൊണ്ടുവരികയും ചെയ്യുന്നുണ്ടു്. ആയതിനു പ്രത്യേകം അലവൻസു് ഒന്നും കൊടുക്കുന്നില്ല.

(ഭ) ഉണ്ടു്. എരക്കുളം എല്ലാജാതിക്കാർക്കും പ്രവേശനമില്ല.

(ന) ഉണ്ടു്. അന്നത്തെ നടപടി തുടരുവാൻ ഗവമ്മെണ്ടു് ആജ്ഞാപിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ എരക്കുളം തൃപ്രയാർ ദേവസ്വത്തിൽ പെട്ട കുളമല്ലെ ?

ഡാക്ടർ എ. ആർ. മേനോൻ : അതെ എന്നാണു് എന്റെ അറിവു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ദേവസ്വം കുളം അടിച്ചു വെടിപ്പാക്കുന്നതിനു പഞ്ചായത്തുശിപായിയെ നിയമിക്കുക പതിവുണ്ടൊ ?

ഡാക്ടർ എ. ആർ. മേനോൻ : പതിവുണ്ടെന്നു ഇതിൽ കാണുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് എല്ലാ ജാതിക്കാർക്കും പ്രവേശനമില്ലാത്ത ഒരു കുളമാണെങ്കിൽ ആ കുളം അടിച്ചു വെടിപ്പാക്കുന്നതിൻ പഞ്ചായത്തുസ്വീപ്പറെ നിയമിക്കാതിരിക്കുവാൻ ഗവമ്മെണ്ടിനു ഭയമുണ്ടാകുമൊ?

ഡാക്ടർ എ. ആർ. മേനോൻ : അതിനെപ്പറ്റി ആലോചിക്കാം. ഇപ്പോൾ ഗവമ്മെണ്ടിന്റെ കല്പനപ്രകാരമാണു് നടത്തിവരുന്നതു്. അതിനു് ഇനി എന്താണു വേണ്ടതു് എന്നാലോചിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : എല്ലാ ജാതിക്കാർക്കും പ്രവേശനമില്ലാത്ത സ്ഥലത്തു പൊതുഭണ്ഡാരത്തിൽനിന്നും പണം ചിലവു ചെയ്തു് ആളുകളെ ശമ്പളത്തിനു വെക്കുന്നതു് ഗവമ്മെണ്ടിന്റെ പോളിസിക്കു് എതിരല്ലെ ?

ഡാക്ടർ എ. ആർ. മേനോൻ : ഗവമ്മെണ്ടിന്റെ പോളിസി അതാണു്. പക്ഷെ ഇതു് കുളം അടിക്കേണ്ട കാര്യമാണു്.

മിസ്റ്റർ വി. കെ. കുട്ടി : കുളം അടിക്കുമൊ ?

ഡാക്ടർ എ. ആർ. മേനോൻ : കുളക്കടവാണു് അടിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തൃപ്രയാർ ദേവസ്വം കച്ചേരി മുതൽ അമ്പലക്കടവുവരെയുള്ള റോഡു ദേവസ്വത്തിൽ പെട്ടതൊ പുറമ്പോക്കിൽ പെട്ടതൊ ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ : നോട്ടീസു വേണം. അതിനെപ്പറ്റി ആലോചിക്കാതെ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ അതു ദേവസ്വത്തിൽ പെട്ട റോഡാണെങ്കിൽ ഈ പഞ്ചായത്തുശിപായിയെക്കൊണ്ടു് അടിപ്പിക്കാതിരിക്കാൻ ഒയവുണ്ടാകുമൊ ?

ഡാക്ടർ എ. ആർ. മേനോൻ : അതൊക്കെ അന്വേഷിച്ചു പറയാം. ആലോചിക്കാതെ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : ഈ റോഡിൽ എല്ലാ ജാതിക്കാക്കും പ്രവേശനമുണ്ടൊ ?

ഡാക്ടർ എ. ആർ. മേനോൻ : ഈ റോഡിൽ എല്ലാവക്കും പ്രവേശനമില്ലെന്നാണു് ഞാൻ മനസ്സിലാക്കിയതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതു് പബ്ലിക്ക് വർക്സിലേയൊ പഞ്ചായത്തിലേയൊ റോഡല്ലെങ്കിൽ അതിന്റെ സപ്ലിമെന്റ് ജോലിക്കു പഞ്ചായത്തുശിപായിയെ നിയമിക്കാതിരിക്കാൻ ഒയവുണ്ടാകുമൊ ?

ഡാക്ടർ എ. ആർ. മേനോൻ : ഇതു് ആലോചിച്ചു പറയേണ്ടതാണു്. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു വല്ല പ്രത്യേകകാര്യം വല്ലതുമുണ്ടൊ എന്നു അന്വേഷിച്ചു പറയാം.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ : ഇതു് ദേവസ്വം റോഡാണു് എന്നു പറഞ്ഞു. അതു ആദ്യമെ ദേവസ്വം റോഡാണൊ അതൊ ഇടക്കാലത്തുള്ള ദേവസ്വം റോഡു് ആക്കിയതാണൊ ?

ഡാക്ടർ എ. ആർ. മേനോൻ : ഈ വിവരങ്ങളൊക്കെ അന്വേഷിച്ചിട്ടു വേണം പറയുവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ : ആലോചിച്ചു പറയാമെന്നു പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല.

ഡാക്ടർ എ. ആർ. മേനോൻ : ആലോചിക്കാതെ എങ്ങിനെ പറയും.

മിസ്റ്റർ കെ. അയ്യപ്പൻ : ഇങ്ങിനെയുള്ള കാര്യങ്ങളിൽ പൊതുപണം ചിലവാക്കയില്ലെന്നു ഗവമ്മെണ്ടു സമ്മതിച്ചിരിക്കുന്നു. അങ്ങിനെയിരിക്കുന്ന സ്ഥിതിക്കു ഈ കാര്യം ഗവമ്മെണ്ടിനോടു് അന്വേഷിക്കേണ്ട കാര്യമുണ്ടൊ ?

ഡാക്ടർ എ. ആർ. മേനോൻ : അതാണു പറഞ്ഞതു്. ഇങ്ങിനെയുള്ള സംഗതികളുണ്ടൊ എന്നു അന്വേഷിച്ചു വേണം ഉത്തരം പറയുവാൻ എന്നു്.

മിസ്റ്റർ കെ. അയ്യപ്പൻ : ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയല്ലെ ഗവമ്മെണ്ടു്.

ഡാക്ടർ എ. ആർ. മേനോൻ : ആരാണു് ഗവമ്മെണ്ടു്, പറയണമെങ്കിൽ അതിനു് പല വിഭാഗങ്ങളുമുണ്ടു് എന്നു വേണം പറയാൻ.

മിസ്റ്റർ കെ. അയ്യപ്പൻ : ഈ ഡിപ്പാർട്ടുമെണ്ടുകളെ സംബന്ധിച്ചിടത്തോളം ദിവാൻജി ബഹുമാനപ്പെട്ട മന്ത്രിയല്ലെ ?

ഡാക്ടർ എ. ആർ. മേനോൻ : ദിവാൻജിയും ആലോചിക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ : ആരോടാണു് മിനിസ്റ്റർക്കു ഈ കാര്യത്തിൽ ആലോചിക്കുവാനുള്ളതു് എന്നു ഞാൻ ചോദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ : ഡിപ്പാർട്ട്മെണ്ടിനോട്.

മിസ്റ്റർ കെ. അയ്യപ്പൻ : ഈ ഡിപ്പാർട്ട്മെണ്ടിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മിനിസ്റ്റർക്ക് പരിപൂർണ്ണാധികാരമില്ലെ എന്നു ഞാൻ ചോദിക്കുന്നു.

ഡാക്ടർ എ. ആർ. മേനോൻ : പൂർണ്ണാധികാരമുണ്ട്. എങ്കിലും അതു് ഉപയോഗിക്കുന്നതു ആലോചിച്ചിട്ടുവേണം.

PANCHAYAT OFFICES—UTILISATION FOR OTHER PURPOSES

363. മിസ്റ്റർ കെ. എസ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ :—

(എ) പഞ്ചായത്തു കോട്ട് കെട്ടിടം ഗവണ്മെണ്ടിന്റെ അനുമതിക്കുടാതെ തേയിലസല്ലാരം മുതലായ ആവശ്യങ്ങൾക്കു് ഉപയോഗിക്കാറുണ്ടോ ;

(ബി) അങ്ങിനെ അന്യന്മാർക്കു കെട്ടിടം കൊടുപ്പാൻ കോട്ട് പ്രസിഡണ്ടിനു് അധികാരമുണ്ടോ ;

(സി) എ എ എ ർ തുലാം എ-ാംനു- കൊടകര പഞ്ചായത്തുകോട്ട് കെട്ടിടം സ്ഥലം കുസ്തൻ പണവ്യാപാരകമ്പനിക്കു തേയിലസല്ലാരാവശ്യത്തിനു കൊടുത്തിട്ടുള്ളതു് ഗവണ്മെണ്ടനുവാദപ്രകാരമാണോ; അല്ലെങ്കിൽ,

(ഡി) അതിനെസംബന്ധിച്ചു് ഗവണ്മെണ്ടു വല്ല നടപടിയും നടത്തീട്ടുണ്ടോ ;

(ഇ) ടി പാട്ടിക്കു പുറമെ വല്ല പാട്ടിയും അന്നതന്നെ പ്രസ്തുത കോട്ട് കെട്ടിടത്തിൽ വെച്ചു നടത്തീട്ടുണ്ടോ ?

ഡാക്ടർ എ. ആർ. മേനോൻ :

(എ) ഇല്ല.
(ബി) ഇല്ല.
(സി) കൊടുത്തതായി അറിവില്ല.
(ഡി) ഉത്തരം ആവശ്യമില്ല.
(ഇ) അറിവില്ല.

CHEPPANAM CHATHAMMA BRIDGE—REPAIRS TO.

364. Mr. V. N. Damodaran Nambiar (*Trippunittura*): Will the Government be pleased to state:—

(*a*) whether they are aware of the dangerous condition of the bridge that connects Cheppanam and Chathamma;

(*b*) whether they know that several persons are using the bridge daily including small school-going children ;

(*c*) will the Government be pleased to repair the bridge without any further delay ?

Dr. A. R. Menon (*Minister for Rural Development*) :

(*a*) Yes.

(*b*) Yes.

LIBRARY ARCHIVES Kerala Legislative Assembly